LIBRARY ARCHIVES Kerala Legislative Assembly

പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ

59 (404) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് കേന്ദ്രമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച്, പാപ്പനംകോട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂജപ്പുര സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ ജ്യോതി യോജന

60 (405) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കേന്ദ്ര സർക്കാർ ദീൻദയാൽ ഉപധ്യായ ഗ്രാമ ജ്യോതി യോജന എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(സി) ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ചെയ്യേണ്ടത് എന്നും ആരെയാണ് പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ ;

(ഡി) ഇത് പുതിയ പദ്ധതിയാണോയെന്നും പഴയ ഏതെങ്കിലും പദ്ധതിയുടെ പേര് മാറ്റി നടപ്പിലാക്കുന്നതാണോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാവർക്കും വൈദ്യുതി, 24 മണിക്കൂറും വൈദ്യുതി, പ്രസരണ/ വിതരണ നഷ്ടം കുറയ്ക്കൽ എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

(സി) സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ലോകസഭാ അംഗം ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്ത്, വൈദ്യുതി വിതരണ സ്ഥാപനങ്ങൾ കണ്ടെത്തുകയും ജില്ലാ/സർക്കിൾതല സ്കീമുകൾ തയ്യാറാക്കുകയും ചെയ്യുന്നു. പ്രസ്തുത സ്കീമുകൾ ചീഫ് സെക്രട്ടറി തലവനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.)-യുടെ നിർദ്ദേശത്തോടെ നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി.) വഴി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ സമർപ്പിക്കുന്നു. ഊർജ്ജ മന്ത്രാലയത്തിലെ മോണിറ്ററിംഗ് കമ്മിറ്റിയാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങളെയാണ് പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) പുതിയ പദ്ധതിയാണ്.

കാസർഗോഡ് ജില്ലയ്ക്ക് ഒരു വൈദ്യുതി ഭവനം

61 (406) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ്, സർക്കിൾ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന വാടക കെട്ടിടം ഒഴിഞ്ഞുനൽകാൻ കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓഫീസുകൾ പ്രവർത്തിക്കാൻ സ്വകാര്യ കെട്ടിട ഉടമസ്ഥൻ കെട്ടിടം നൽകാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി.-ക്ക് വിദ്യാനഗറിൽ കളക്ടേറ്റിനടുത്ത സ്ഥലത്ത് ഒരു വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള തടസ്സം വിശദമാക്കാമോ ;

(സി) ജില്ലയ്ക്ക് ഒരു വൈദ്യുതി ഭവനം എന്നത് യാഥാർഥ്യമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly